പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5037

30-06-14 – ൽ മറുപടിയ്ക്ക്

**മത്സ്യതൊഴിലാളി ക്ഷേമത്തിനായി പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.ഗീതാ ഗോപി | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| (എ) | മത്സ്യതൊഴിലാളി ക്ഷേമപദ്ധതി സംബന്ധിച്ച് ചർച്ചകളും തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ടോ; ഏതെല്ലാം തലങ്ങളിലാണ് ഇതു സംബന്ധിച്ച ചർച്ചകൾ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമം സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്ത് സർക്കാർ അനുമതിയോടെ നടപ്പിലാക്കുന്നതിന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തിച്ചുവരുന്നു. അതിൽ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും പ്രതിനിധികളും സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളാണ്. ഈ മേഖലയിലെ ക്ഷേമ പദ്ധതികളെ കുറിച്ച് ചർച്ച ചെയ്യുന്നത് ഈ ബോർഡിന്റെ യോഗങ്ങളിലാണ്. |
| ബി) | മിഷൻ 676-ൽ പ്പെടുത്തി മത്സ്യതൊഴിലാളി ക്ഷേമത്തിനായി വകയിരുത്തി വിവിധ ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) | മിഷൻ 676 ൽ പ്പെടുത്തി മത്സ്യത്തൊഴിലാളികളുടെയും, അനുബന്ധ തൊഴിലാളികളുടെയും ആത്മഹത്യ ഒഴികെയുള്ള എല്ലാത്തരം മരണങ്ങൾക്കും പരമാവധി 30,000/- (മുപ്പതിനായിരം രൂപ മാത്രം) രൂപയും, അപകട മരണമാണെങ്കിൽ 75,000/- (എഴുപത്തി അഞ്ചായിരം രൂപ മാത്രം) രൂപയും വരെ നൽകുന്ന പുതിയ ഇൻഷുറൻസ് പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. നിലവിലുള്ള അപകട മരണ ഇൻഷുറൻസ് പദ്ധതി പ്രകാരം ലഭിക്കുന്ന 5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) രൂപയ്ക്ക് പുറമെയാണിത്.<br>മത്സ്യത്തൊഴിലാളി വനിതകൾക്ക് പ്രസവാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതിയും മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ബോർഡ് മുഖേനയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ആദ്യത്തെ 2 പ്രസവത്തിന്റെ ധനസഹായം 750/- രൂപയിൽ നിന്നും 14,000/- രൂപയായി വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ